# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

06-03-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **1454**

## അഴീക്കൽ തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സണ്ണി ജോസഫ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) അഴീക്കൽ തുറമുഖ പദ്ധതി യുടെ നിർമ്മാണ പ്രവർത്തന ങ്ങൾ ഏത് ഘട്ടത്തിലാ ണെന്ന് വ്യക്തമാക്കുമോ ; | | (എ) അഴീക്കൽ തുറമുഖവികസനം സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തിയാക്കുന്നതിനുവേണ്ടി പ്രത്യേക കമ്പനി (SPV) രൂപീകരണത്തിന് ആവശ്യമായ അപേക്ഷ കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിൽ സമർപ്പിച്ചിരിക്കുകയാണ്. കമ്പനികാര്യ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതോടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി മാതൃകയിൽ അഴീക്കൽ തുറമുഖവികസനം മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രത്യേക കമ്പനിയിൽ നിക്ഷിപ്തമാകുന്നതാണ്. |
| (ബി) പ്രസ്തുത തുറമുഖത്തിന്റെ വികസനത്തിന് കിഫ്ബി യിൽ നിന്നും തുക വകയിരു- ത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | | (ബി) ഉണ്ട്. ജി.ഒ (ആർ .ടി) നമ്പർ 764/2016/മതുവ തീയതി 08/11/2017 പ്രകാരം 496 കോടി രൂപ മുതൽ മുടക്കിൽ കിഫ്ബി മുഖാന്തിരം അഴീക്കൽ തുറമുഖ വികസനം നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്;. |
| (സി) തുറമുഖത്തിന്റെ ചാനൽ, ബേസിൻ എന്നിവയുടെ ആഴം കൂട്ടുന്നതിന് പദ്ധതി യുണ്ടോ ; അതിനായുള്ള മെക്കാനിക്കൽ ഡ്രഡ്ജിംഗ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | | (സി) നിലവിലെ അഴീക്കൽ തുറമുഖ വാർഫിനോടനുബന്ധിച്ചുള്ള ചാനലിന്റേയും ബേസിന്റേയും ആഴം 5 മീറ്റർ മുതൽ 6 മീറ്റർ വരെ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തി 2018-19 സാമ്പത്തിക വർഷം ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ഡി) തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം കാര്യക്ഷമമാ- ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടു ള്ളതെന്ന് വിശദമാക്കുമോ ? | | (ഡി) തുറമുഖം രണ്ട് ഘട്ടമായി വികസിപ്പിക്കാനാണ് ഉദ്ദേശി ക്കുന്നത്. അഴീക്കൽ തുറമുഖ വികസനത്തിന്റെ പരിസ്ഥിതി പഠനത്തിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും വേണ്ടിയുള്ള ടെക്നിക്കൽ കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്ന തിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. മാർച്ച് ആദ്യ വാരത്തോടെ തെരഞ്ഞെടുത്ത കൺസൾട്ട- ന്റുമായി കരാറിൽ ഏർപ്പെടാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ